## വൈദ്യുതോർജ്ജ സംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ

### ഗാർഹികം

- പ്രകൃതിദത്തമായ വെളിച്ചം പരമാവധി ഉപയോഗിക്കുക.
- ലൈറ്റും ഫാനും എ.സി. യും ആവശ്യമില്ലാത്തപ്പോൾ ഓഫാക്കാൻ ശ്രദ്ധിക്കുക.
- ബൾബുകൾക്കു പകരം കഴിവതും ട്യൂബ് ലൈറ്റുകൾ ഉപയോഗിക്കുക.
- ട്യൂബ് ലൈറ്റുകൾക്ക് വൈദ്യുതി കുറച്ചുമാത്രം ഉപയോഗിക്കുന്നതും കുറഞ്ഞ വോൾട്ടേജിൽ പ്രകാശം തരുന്നതുമായ ഇലക്ട്രോണിക് ചോക്കുകൾ ഉപയോഗിക്കുക.
- ഫാനുകൾക്ക് ഇലക്ട്രോണിക് റെഗുലേറ്ററുകൾ ഉപയോഗിക്കുക.
- വേണ്ടത്ര ശേഷിയുള്ള വയറുകൾ മാത്രം ഉപയോഗിക്കുക. ശേഷി കുറഞ്ഞ വയറുകൾ ഉപയോഗിക്കരുത്.
- വയറിംഗിന്റെ കാലപ്പഴക്കം വൈദ്യുതി ചോർച്ചയ്ക്ക് ഇടയാക്കുന്നു. പഴക്കം ചെന്ന വയറുകൾ പുതുക്കുക.
- ഐ.എസ്.ഐ മുദ്രയുള്ള വയറുകൾ മാത്രം ഉപയോഗിക്കുക.
- കഴിയുന്നതും പ്രകാശത്തിന് വൈദ്യുതി കുറച്ചു മാത്രം ഉപയോഗിക്കുന്നതും കൂടുതൽ പ്രകാശം തരുന്നതുമായ കോംപാക്ട് ഫ്ളൂറസെന്റ് ട്യൂബുകൾ ഉപയോഗിക്കുക. കറന്റ് ചാർജിൽ കുറവു വരുത്തുക.
- വൈദ്യുത വിളക്കുകൾ കാലാകാലം തുടച്ചു വൃത്തിയാക്കുക.
- ഫ്രിഡ്ജ് ആവശ്യത്തിനു മാത്രം തുറക്കുക.
- ഇസ്തിരി ഇടുവാൻ കഴിവതും ഓട്ടോമാറ്റിക് അയൺ ഉപയോഗിക്കുക.
- പാചകാവശ്യങ്ങൾക്ക് കഴിവതും വൈദ്യുതി ഒഴിവാക്കുക
- അധികം വൈദ്യുതി ആവശ്യമുള്ള സമയത്ത് (വൈകുന്നേരം 6 മണി മുതൽ 9 വരെ) ശക്തി കൂടിയ വൈദ്യുതി ഉപകരണങ്ങൾ (പമ്പ്, ഗ്രൈന്റർ, മിക്സി) ഉപയോഗിക്കാതിരിക്കുക.
- വൈദ്യുതി അലങ്കാരങ്ങൾ ഒഴിവാക്കുക.

### വ്യാവസായികം/കാർഷികം

- താങ്കളുടെ സ്ഥാപനത്തിലെ വൈദ്യുത വയറിംഗ് നിശ്ചിത ഗുണനിലവാരത്തിലുള്ളതാണെന്നും സുരക്ഷാ നിയമങ്ങൾ പാലിക്കുന്ന തരത്തിലുള്ളതാണെന്നും ഉറപ്പുവരുത്തുക.
- വൈദുത ചോർച്ചയ്ക്കുള്ള സാധ്യത ഒഴിവാക്കുക.
- ആവശ്യത്തിനനുയോജ്യമായ മോട്ടോർ ഉപയോഗിക്കുക.
- ലോഡിനോട് കഴിവതും അടുത്തു മോട്ടോർ സ്ഥാപിക്കുക.
- മോട്ടോറുകളോട് ചേർത്ത് സ്ഥിരമായി കപ്പാസിറ്ററുകൾ ഘടിപ്പിക്കുക.
- മോട്ടോറുകളുടെ അറ്റകുറ്റപ്പണി കാലാകാലങ്ങളിൽ കൃത്യമായി ചെയ്തു സംരക്ഷിക്കുക.
- പരിഷ്കൃതവും ഊർജ്ജക്ഷമവുമായ യന്ത്രസാമഗ്രികൾ ഉപയോഗിക്കുക.

## വൈദ്യുതി ഉപഭോക്താക്കളുടെ ശ്രദ്ധയ്ക്ക്

- മെയിൻ സ്വിച്ച് പ്രവർത്തനക്ഷമമായി വയ്ക്കുക.
- മെയിൻ സ്വിച്ചിലെ ഫ്യൂസിനേക്കാൾ ശേഷി കുറഞ്ഞ ഫ്യൂസ് ഉപസർക്യൂട്ടിൽ ഉപയോഗിക്കുക.
- കുറഞ്ഞത് രണ്ട് ഉപസർക്യൂട്ടുകൾ ഉപയോഗിക്കുക.
- ഒരു സർക്യൂട്ടിൽ ലൈറ്റ്, ഫാൻ, പ്ലഗ് മുതലായ പോയിന്റുകൾ 10 എണ്ണത്തിൽ കൂടരുത്.
- കൂടുതൽ ശക്തി ആവശ്യമുള്ള ഉപകരണങ്ങൾക്ക് (ഹീറ്റർ, മോട്ടോർ) ശേഷിയുള്ള വയർ ഉപയോഗിച്ച് പ്രത്യേകം സർക്യൂട്ടും എർത്തും സ്ഥാപിക്കുക.
- മെയിൻ സ്വിച്ചിലും സർക്യൂട്ടിലും ന്യൂട്രലിൽ ലിങ്ക് സ്ഥാപിക്കുക.
- മെയിമെയിൻ സ്വിച്ചും പ്ലഗ് സോക്കറ്റുകളും നമ്പർ 14 ഗേജ് ചെമ്പു കമ്പി ഉപയോഗിച്ച് എർത്ത് ചെയ്യുക.
- ദ്രവിച്ചു പോയ വയറിംഗ് മാറ്റുക.
- സിംഗിൾ പോൾ സ്വിച്ചുകൾ ഫേസ് സർക്യൂട്ടിൽ തന്നെ സ്ഥാപിക്കുക.
- പ്ലാസ്റ്റിക്ക് വയർ ഉപയോഗിച്ച് താൽക്കാലിക വയറിംഗ് നടത്തരുത്.
- ഫ്യൂസിനു പകരം മിനിയേച്ചർ സർക്യൂട്ട് ബ്രേക്കറുകൾ കഴിയുമെങ്കിൽ സ്ഥാപിക്കുക.
- വയറിംഗിലും വൈദ്യുതി ഉപകരണങ്ങളിലും ഉണ്ടായേക്കാവുന്ന ചോർച്ചമൂലം ഉള്ള അപകടം ഒഴിവാക്കാൻ എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ മെയിൻ സ്വിച്ചിനോടനുബന്ധിച്ച് സ്ഥാപിക്കുക.
- വൈദ്യുതി ലൈനുകൾക്ക് സമീപമുള്ള കെട്ടിടങ്ങളിൽ ടി.വി. ആന്റിന സ്ഥാപിക്കുമ്പോൾ അവ മറിഞ്ഞു വീണ് വൈദ്യത കമ്പികളുമായി ബന്ധപ്പെട്ട് അപകടം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക.
- വൈദ്യുതി ലൈനിനു സമീപം നിൽക്കുന്ന വൃക്ഷങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്ന താങ്ങു കമ്പി പൊട്ടി വൈദ്യുതി ലൈനുമായി ബന്ധപ്പെട്ട് അപകടം ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കുക.
- വീടിന്റെ പരിസരത്ത് വളർത്തുന്ന വൃക്ഷങ്ങളുടെ ശാഖകൾ തൊട്ടടുത്തുകൂടി കടന്നുപോകുന്ന വൈദ്യുത കമ്പികളുമായി ബന്ധപ്പെടാതിരിക്കാൻ വേണ്ട മുൻകരുതൽ നടപടികൾ എടുക്കുക.
- വൈദ്യുത ലൈനുകളുടെ താഴെയും സമീപത്തും കെട്ടിടം പണിയുന്നതിനു മുൻപ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ നിന്നും അനുവാദം വാങ്ങുക.
- വൈദ്യുത വയറിംഗ് ശരിയായ രീതിയിൽ പരിപാലിക്കുക, ലൈസൻസും വേണ്ടത്ര പ്രായോഗിക പരിജ്ഞാനവുമുള്ളവരെക്കൊണ്ട് മാത്രം വയറിംഗിലെ അറ്റകുറ്റപ്പണികൾ ചെയ്യിക്കുക.
- വൈദ്യുതി വയറിംഗിലോ ഉപകരണങ്ങളിലോ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനു മുൻപ് വൈദ്യുത ബന്ധം വിഛേദിക്കുക.
- ഐ.എസ്.ഐ. മുദ്രയുള്ള വൈദ്യുത ഉപകരണങ്ങൾ മാത്രം ഉപയോഗിക്കുക.

## വൈദ്യുത അപകടങ്ങൾ എങ്ങനെ ഒഴിവാക്കാം?

- ശരിയായ രീതിയിൽ എർത്തിംഗ് ചെയ്യുക.
- ത്രീ പിൻ പ്ലഗ്ഗുകൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.
- ഒരു പ്ലഗ് സോക്കറ്റിൽ ഒരു ഉപകരണം മാത്രമേ ഘടിപ്പിക്കുവാൻ പാടുള്ളൂ.
- വീടുകളിൽ എർത്ത് ലീക്കേജ് സർക്യൂക്ക് ബ്രേക്കറുകൾ സ്ഥാപിക്കുക.
- പോർട്ടബിൾ വൈദ്യുതോപകരണങ്ങൾ ഘടിപ്പിക്കുവാൻ ഡബിൾ/മൾട്ടി ഇൻസുലേറ്റഡ് വയറുകൾ മാത്രം ഉപയോഗിക്കുക.
- പ്ലഗ് പോയിന്റുകളുടെ നിയന്ത്രണ സ്വിച്ചുകൾ നിർബന്ധമായും ഫേസ് വയറിൽ ആയിരിക്കണം. പ്ലഗ് പിൻ ഇടുമ്പോഴും എടുക്കുമ്പോഴും അതിന്റെ സ്വിച്ച് ഓഫാണെന്ന് ഉറപ്പു വരുത്തുക. വയറിൽ പിടിച്ച് പ്ലഗ് ഊരാതിരിക്കുക.
- കാലാകാലങ്ങളിൽ വൈദ്യുത ലൈനുകൾക്കു സമീപത്തുള്ള മരങ്ങൾ വെട്ടി മാറ്റുന്ന വൈദ്യുത ബോർഡ് അധികൃതരുടെ പ്രക്രിയയുമായി സഹകരിക്കുക.
- ഷോക്കുമൂലം അപകടം പറ്റിയ വ്യക്തിയെ വൈദ്യുത ബന്ധം വിഛേദിച്ചതിനു ശേഷം മാത്രമേ സ്പർശിക്കാവൂ. തീയണയ്ക്കുന്നതിനു വേണ്ടി വൈദ്യുത ലൈനുകളിൽ മണലോ ബ്ലാങ്കറ്റോ ഉപയോഗിക്കുക. ഇലക്ട്രിക് ഉപകരണത്തിലോ സമീപത്തോ തീ പിടുത്തമുണ്ടായാൽ ആ ഭാഗത്തേക്കുള്ള സപ്ലൈ ഓഫാക്കുക.
- ദീർഘകാലയളവിലേക്ക് ഗൃഹങ്ങൾ അടച്ചിടേണ്ടുന്ന പക്ഷം മെയിൻ സ്വിച്ച് ഓഫാക്കാൻ ശ്രദ്ധിക്കുക.
- എർത്തിംഗ് സംവിധാനം വിച്ഛേദിക്കാതിരിക്കുക.
- നനഞ്ഞ കൈവിരൽ ഉപയോഗിച്ച് സ്വിച്ചുകൾ പ്രവർത്തിപ്പിക്കാതിരിക്കുക.
- പോർട്ടബിൾ വൈദ്യുത ഉപകരണങ്ങൾ ഘടിപ്പിക്കുവാൻ പ്ലാസ്റ്റിക് വയറുകൾ ഉപയോഗിക്കാ തിരിക്കുക.
- ഇലക്ട്രിക് പോസ്റ്റിലോ സ്റ്റേവയറിലോ ചാരി നിൽക്കരുത്, കന്നുകാലികളെ കെട്ടരുത്, ചെടി പടരുവാൻ അനുവദിക്കരുത്.
- ടേബിൾ ഫാൻ ഉപയോഗിച്ച് തലമുടി ഉണക്കരുത്. സ്വിച്ച്, പ്ലഗ് മുതലായവയിൽ വസ്ത്രങ്ങൾ തൂക്കിയിടരുത്. അയഞ്ഞ വസ്ത്രം ധരിച്ചു കറങ്ങിക്കൊണ്ടിരിക്കുന്ന യന്ത്രത്തിന്റെ അടുത്ത് ചെല്ലരുത്.
- തീയണക്കുന്നതിനു ലൈനുകളിൽ വെള്ളം കോരി ഒഴിക്കരുത്.
- കൃത്യമായ അളവിലുള്ള പ്ലഗുകൾ ലഭ്യമല്ലെങ്കിൽ ഒരിക്കലും വയറിന്റെ ഇൻസുലേഷൻ മാറ്റിയിട്ട് സോക്കറ്റിൽ ഘടിപ്പിക്കരുത്.

**❀ ❀ വൈദ്യുതി പാഴാക്കരുത് ❀ ❀**